കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.

# പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XI
# (2013-2016)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2014 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി XI
# (2013-2016)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

**2013–2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XI
# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. സി. എൻ . ബാലകൃഷ്ണൻ ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഗീതാ ഗോപി
ശ്രീ. കോലിയക്കോട് എൻ . കൃഷ്ണൻ നായർ
,, ലൂഡി ലൂയിസ്
,, കെ. കെ. നാരായണൻ
,, ആര്. സെൽവരാജ്
,, ജി. സുധാകരൻ
,, വി. എം. ഉമ്മർ മാസ്റ്റർ .

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി.
ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
ശ്രീ. സഖറിയ പി. സാമുവൽ , അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ, 2013–14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് വിഷയനിർണ്ണയ സമിതി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിഷയനിർണ്ണയ സമിതി XI–ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരങ്ങളും സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2014 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം ,
2014 ജൂൺ 30.

**അനൂപ് ജേക്കബ്,**
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XI*

# റിപ്പോർട്ട്

## ഭാഗം I

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച മറുപടികളിന്മേൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

(ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

എന്നതിന്റെ 5,00,00,000 രൂപ ഉൾപ്പെടെ)

2425-00-107-80— പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

4425-00-107-89—പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

6425-00-107-72—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ഖണ്ഡിക നമ്പർ 1

റിസ്ക് ഫണ്ട് പദ്ധതിക്ക് 2012-13 വർഷത്തിൽ 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പിൽ നിന്ന് റിലീസ് ഉത്തരവ് ലഭിക്കാത്തതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിനിയോഗിക്കാൻ കഴിയാത്ത പ്രസ്തുത തുക ലഭിക്കുന്നതിന് '2425-00-107-80' എന്ന ശീർഷകത്തിൽ 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം 2425-00-107-80 ശീർഷകത്തിൽ 8 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. മുൻ വർഷം ഭരണാനുമതി നൽകിയ 5 കോടി രൂപ തൻവർഷത്തെ വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നപക്ഷം തൻവർഷത്തെ പദ്ധതി പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ 5 കോടി രൂപ 2425-00-107-80 ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായില്ല. 2013-14 വർഷം റിസ്ക് ഫണ്ട് പദ്ധതിക്കായി 4.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 2

സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകള്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയിൽ കമ്പ്യൂട്ടർവത്കരണം, കോർബാങ്കിംഗ്, മറ്റ് നൂതന സാങ്കേതിക സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടാതെ പുതിയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം നൽകേണ്ടതും ജില്ലാ സഹകരണ ബാങ്കുകൾക്കും പി.സി.എ.ആര്.ഡി.ബി. കൾക്കും ഓഹരി മൂലധന സഹായം നൽകേണ്ടതുമാണ്. ആയതിനാൽ മേൽപ്പറഞ്ഞ വയ്ക്കെല്ലാമായി '4425-00-107-89' എന്ന ശീർഷകത്തിൽ 13 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങള്/ബാങ്കുകൾ ഇവയ്ക്കുള്ള സഹായം എന്ന ഇനത്തിൽ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകള്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ കോർബാങ്കിംഗ് സൊല്യൂഷൻസ് (സി.ബി.എസ്.) നടപ്പിലാക്കുന്നതിന് 2425-107-80 (സബ്സിഡി), 4425-107-89 (ഓഹരി), 6425-107-72 (വായ്പ) എന്നീ ശീർഷകങ്ങളിലാണ് ധനസഹായം അനുവദിച്ചുവരുന്നത്. 2013-14 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി 60 സഹകരണ ബാങ്കുകൾക്ക് 722.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സമിതിയുടെ ശുപാർശ പ്രകാരം 13 കോടി രൂപ അധികമായി അനുവദിച്ചിട്ടില്ല.

2425-00-108-67—മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ഖണ്ഡിക നമ്പർ 3

സൗരോർജ്ജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പയും സബ്സിഡിയും അനുവദിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം സബ്സിഡി അനുവദിക്കുന്നതിന് 1 കോടി രൂപ വേണ്ടിവരുമെന്ന് കാണുന്നു. ആയതിനാൽ ഈയിനത്തിൽ '2425-00-108-67' എന്ന ശീർഷകത്തിൽ 1 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സൗരോർജ്ജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പയും സബ്സിഡിയും അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനർട്ടുമായി ബന്ധപ്പെട്ടിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങൾ താല്പര്യം കാണിക്കാതിരുന്നതിനാലും സബ്സിഡി സംബന്ധിച്ച തീരുമാനം ആയിട്ടില്ലാത്തതിനാലും

അനർട്ടിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി തയ്യാറാക്കിയതിന് ശേഷം മാത്രമേ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുവാൻ കഴിയൂ എന്നതിനാലും തുക ആവശ്യപ്പെടുക ഉണ്ടായില്ല.

2425-00-108-60—വൻതോതിലുള്ള വാണിജ്യപദ്ധതികൾ പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

4425-00-108-50—വൻതോതിലുള്ള വാണിജ്യപദ്ധതികൾ പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

6425-00-108-28—വൻതോതിലുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾക്ക് സഹായം

ഖണ്ഡിക നമ്പർ 4

പ്രായോഗികമായ വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ള ചില സഹകരണസ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുന്നതിനും പ്രവർത്തന രഹിതമായ പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ സഹായം നൽകുന്നതിനും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക മതിയാകുകയില്ല. ആയതിനാൽ ആകെ 3 കോടി രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശ പ്രകാരം അധികമായി 3.01 കോടി രൂപ കൂടി വാണിജ്യ പദ്ധതികൾക്ക് അനുവദിച്ചിട്ടില്ല. 2014-15 വർഷത്തേയ്ക്കു ടി പദ്ധതിക്കായി 3.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2425-00-108-47—പ്രൊവിഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

ഖണ്ഡിക നമ്പർ 5

കേപ്പിന്റെ (CAPE) നിയന്ത്രണത്തിൽ മുട്ടത്തറയിലും അത്താണിയിലും ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജിനായി 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനാണ് വകയിരുത്തിയിരുന്നത്. ഈ വർഷം '2425-00-108-47' എന്ന ശീർഷകത്തിൽ

അനുവദിച്ചിട്ടുള്ള 7 കോടി രൂപയ്ക്ക് പുറമെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തില്‍ പ്രഖ്യാപിച്ചിരുന്ന 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാര്‍ശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 വര്‍ഷത്തില്‍ കേപ്പിന് 7 കോടി രൂപ വകയിരുത്തിയതില്‍ 4 കോടി രൂപ പിന്‍വലിക്കുന്നതിന് അനുമതി നല്‍കിയത് 5-3-2014-ലെ സ. ഉ. (സാധാ.) നമ്പര്‍ 180/2014/സഹ. നമ്പര്‍ പ്രകാരമാണ്. ശേഷിക്കുന്ന 3 കോടിയില്‍ 2.43 കോടി രൂപ മാത്രമേ 29-3-2014-ലെ സ.ഉ. (സാധാ.) നമ്പര്‍ 274/2014/സഹ. പ്രകാരം അനുവദിക്കുവാന്‍ കഴിഞ്ഞിട്ടുള്ളൂ. ഈ സാഹചര്യത്തില്‍ 2013-14 വര്‍ഷത്തില്‍ സമിതി ശുപാര്‍ശ ചെയ്ത പ്രകാരം 5 കോടി രൂപ ആവശ്യപ്പെടുകയുണ്ടായില്ല. 2014-15 വര്‍ഷത്തില്‍ കേപ്പിന് 8.50 കോടി രൂപ ഈയിനത്തില്‍ വകയിരുത്തിയിട്ടുണ്ട്.

2425-00-108-51—<u>പ്രാഥമിക കാര്‍ഷിക ക്രെഡിറ്റ് സംഘങ്ങള്‍, പ്രാഥമിക സംഘങ്ങള്‍ മൊത്തവില സ്റ്റോറുകള്‍, ഫെഡറേഷനുകള്‍ തുടങ്ങിയവയ്ക്കുള്ള സഹായം (എന്‍.സി.ഡി.സി. പദ്ധതി)</u>

4425-00-108-42—<u>പ്രാഥമിക കാര്‍ഷിക ക്രെഡിറ്റ് സംഘങ്ങള്‍, പ്രാഥമിക സംഘങ്ങള്‍, മൊത്തവില സ്റ്റോറുകള്‍, ഫെഡറേഷനുകള്‍ എന്നിവയ്ക്കുള്ള സഹായം (എന്‍.സി.ഡി.സി. പദ്ധതി)</u>

6425-00-108-19—<u>പ്രാഥമിക കാര്‍ഷിക സഹകരണ സംഘങ്ങള്‍, പ്രാഥമിക സംഘങ്ങള്‍, മൊത്തവില സ്റ്റോറുകള്‍, ഫെഡറേഷനുകള്‍ എന്നിവയ്ക്കുള്ള സഹായം (എന്‍.സി.ഡി.സി. പദ്ധതി)</u>

<u>ഖണ്ഡിക നമ്പര്‍ 6</u>

ഉപഭോക്തൃ ഫെഡറേഷന്, മൊത്ത വ്യാപാര സ്റ്റോറുകള്‍, പ്രാഥമിക സഹകരണ സംഘങ്ങള്‍ തുടങ്ങിയവയുടെ വിവിധ പ്രവര്‍ത്തനങ്ങള്‍ക്ക് ധനസഹായം നല്‍കുന്നതിനുള്ള പദ്ധതിക്ക് '4425-00-108-42', '6425-00-108-19' എന്നീ ശീര്‍ഷകങ്ങളില്‍ 2012-13-ല്‍ അനുവദിച്ചിരുന്നതില്‍ 25.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും റിലീസ് ഉത്തരവ് ധനകാര്യ വകുപ്പില്‍ നിന്ന് ലഭിക്കാത്തതിനാല്‍ പ്രസ്തുത തുക വിനിയോഗിക്കുവാന്‍ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മേല്‍പ്പറഞ്ഞ പദ്ധതികള്‍ക്ക് ഈ വര്‍ഷം 22 കോടി രൂപ വകയിരുത്തിയതായി കാണുന്നു. സഹകരണ മേഖലയുടെ വികസനത്തിന് എന്‍.സി.ഡി.സി. പദ്ധതികളുടെ പങ്ക് വളരെ പ്രധാനമാണെന്നതിനാലും അനുവദിച്ചിട്ടുള്ള തുകയുടെ അപര്യാപ്തത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ

ബാധിക്കാതെ ഇരിക്കുന്നതിനും ബഡ്ജറ്റ് വിഹിതത്തിന് പുറമെ മേൽപരാമർശിച്ച ശീർഷകങ്ങളിൽ 17.255 കോടി രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എന്.സി.ഡി.സി. പദ്ധതികൾക്ക് 4425-108-42, 6425-108-19 എന്നീ ശീർഷകങ്ങളിൽ അധിക തുക അനുവദിച്ചിട്ടില്ല. 2013-14 വർഷം ടി ശീർഷകങ്ങളിലായി 21.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2408-02-195-86—<u>പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവിനും ഫെഡറേഷനുകൾക്കും സഹായം (എന്.സി.ഡി.സി.)(100% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

4408-02-195-86—<u>പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനും ഫെഡറേഷനുകൾക്കും ധനസഹായം (എന്.സി.ഡി.സി.) (100% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

6408-02-195-65—<u>പ്രൈമറി കോ-ഓപ്പറേറ്റീവ്സിനും ഫെഡറേഷനുകൾക്കും വേണ്ടി വായ്പ</u>

<u>ഖണ്ഡിക നമ്പർ 7</u>

സംഭരണ ശാലകളുടെ നിർമ്മാണം, വിപണന സംഘങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കല്, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപെടുത്തല്, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകുന്നതിനായുള്ള എന്.സി.ഡി.സി. പദ്ധതിക്ക് 2012-13 വർഷത്തിൽ 4408-02-195-86, 6408-02-195-65 എന്നീ ശീർഷകങ്ങളിലായി വകയിരുത്തിയിരുന്ന തുകയിൽ ഭരണാനുമതി ലഭിച്ചിട്ടും റിലീസ് ഉത്തരവ് ധനകാര്യ വകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ 270.44 ലക്ഷം രൂപ ചെലവഴിക്കാനായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. 2408-02-195-86, 4408-02-195-86, 6408-02-195-65 എന്നീ ശീർഷകങ്ങളിലായി എന്.സി.ഡി.സി. പദ്ധതിക്കുവേണ്ടി ഈ വർഷം വകയിരുത്തിയിരിക്കുന്നത് 5 കോടി രൂപയാണെന്ന് കാണുന്നു. പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ചിരിക്കുന്ന തുക മതിയാകുകയില്ലെന്ന് സമിതി കരുതുന്നു. ആയതിനാൽ ഈ വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ അധികമായി 7 കോടി രൂപയും 2012-13 വർഷത്തിൽ റിലീസ് ഉത്തരവ് ലഭിക്കാതിരുന്ന 270.44 ലക്ഷം രൂപയും അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2408-02-195-86, 4408-02-195-86, 6408-02-195-65 എന്നീ ശീർഷകങ്ങളിൽ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 5 കോടി രൂപയ്ക്ക് പുറമെ സമിതി ശുപാർശ ചെയ്ത 7 കോടി രൂപയും, 2012-13 വർഷത്തിൽ റിലീസ് ഉത്തരവ് ലഭിക്കാതിരുന്ന 270.44 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാർ അനുവദിച്ചില്ല. 2013-14 സാമ്പത്തിക വർഷം ടി ശീർഷകങ്ങളിൽ നിന്നായി 3.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2425-00-108-76—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം (എന്.സി.ഡി.സി പദ്ധതി 100%)

4425-00-108-71—പ്രാഥമിക കാർഷിക വ്യാപാര സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

6425-00-108-74—സംയോജിത സഹകരണ വികസന പദ്ധതി (എന്.സി.ഡി.സി. സഹായം)

ഖണ്ഡിക നമ്പർ 8

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഇടുക്കി ജില്ലയിൽ നടപ്പാക്കിവരുന്നതും 2013-14 പാലക്കാട് ജില്ലയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതുമായ ഐ.സി.ഡി.പി. പദ്ധതിക്ക് മൂന്ന് ശീർഷകങ്ങളിലുമായി 3 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ചിട്ടുള്ള തുക സംയോജിത വികസന പരിപാടിക്ക് മതിയാകാതെ വരുമെന്ന് സമിതി കരുതുന്നു. ആയതിനാൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഐ.സി.ഡി.പി. പദ്ധതിയുടെ രണ്ടാംഘട്ടം ഇടുക്കി ജില്ലയിൽ ആരംഭിക്കുന്നതിന് എന്.സി.ഡി.സി.-യുടെ അനുമതിയും പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ സമിതിയുടെ ശുപാർശ പ്രകാരം അധിക തുക ആവശ്യപ്പെടുകയുണ്ടായില്ല. 2014-15 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 1375 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി

ഖണ്ഡിക നമ്പർ 9

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 3 കോടി രൂപ മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. കൂടാതെ ഈ സാമ്പത്തിക വർഷം 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുടർ പദ്ധതി ആയതിനാൽ ഈയിനത്തിൽ 28 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2425-00-107-72-33—എന്ന ശീർഷകത്തിൽ 28 കോടി രൂപ കൂടി അധികമായി 2013-14 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

2425-00-108-47—<u>പ്രൊഫഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം</u>

<u>ഖണ്ഡിക നമ്പർ 10</u>

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും നിക്ഷേപത്തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനുള്ള വ്യവസ്ഥ പ്രകാരം കേപ്പിന് അനുവദിക്കാനുണ്ടായിരുന്നതിൽ 40.06 കോടി രൂപയിൽ 2012-13-ൽ വകയിരുത്തിയ 2.10 കോടി രൂപയും 2013-14-ൽ വകയിരുത്തിയ 2.436 കോടി രൂപയും കഴിച്ച് ബാക്കിയുള്ള 35.524 കോടി രൂപ ഇനിയും അനുവദിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 35.524 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

35.524 കോടി രൂപ അധികമായി അനുവദിക്കണമെന്ന സമിതിയുടെ ശുപാർശയിന്മേൽ തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

2425-00-108-80—<u>ഉൽസവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം</u>

<u>ഖണ്ഡിക നമ്പർ 11</u>

കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഉത്സവച്ചന്തകളുടെ സുഗമമായ നടത്തിപ്പിന് 2011-12-ൽ 30 കോടി രൂപയും 2012-13-ൽ 69.50 കോടി രൂപയും മാത്രമാണ് അനുവദിച്ചതെന്ന് കാണുന്നു. ഈയിനത്തിൽ കൺസ്യൂമർഫെഡിന് 138.50 കോടി രൂപ അനുവദിച്ച് നൽകേണ്ടതിനാൽ 2013-14-ൽ 100 കോടി രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഉത്സവച്ചന്തകളുടെ സുഗമമായ നടത്തിപ്പിനായി 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 10 കോടിയും അധിക തുകയായി അനുവദിച്ച 70 കോടിയും ഉൾപ്പെടെ ആകെ 80 കോടി രൂപ കൺസ്യൂമർഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

2425-00-108-39—<u>കമ്പോള നിയന്ത്രണത്തിനുവേണ്ടിയുള്ള സഹായവും സംസ്കരണവും.</u>

4425-00-108-35—<u>കമ്പോള നിയന്ത്രണത്തിനുവേണ്ടിയുള്ള സഹായവും സംസ്കരണവും</u>

<u>ഖണ്ഡിക നമ്പർ 12</u>

നെല്ല്, നാളികേരം എന്നിവ സംഭരിക്കുന്നതിനും അരി സംസ്കരണ മില്ലുകൾ നാളികേര സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 2012-13 വർഷത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. മേൽപ്പറഞ്ഞ ശീർഷകങ്ങളിലായി ആകെ 2.9984 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചെങ്കിലും ധനകാര്യ വകുപ്പിൽ നിന്നുള്ള റിലീസ് ഉത്തരവ് ലഭിക്കാതിരുന്നതിനാൽ തുക വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. 2013-14 വർഷത്തിൽ കമ്പോള നിയന്ത്രണത്തിനുവേണ്ടിയുള്ള സഹായം, സംസ്കരണം എന്നിവയ്ക്കായി പദ്ധതിയൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ 2012-13-ൽ ഭരണാനുമതി ലഭിക്കുകയും എന്നാൽ റിലീസ് ഉത്തരവ് ലഭിക്കാത്തതുമായ 2.9984 കോടി രൂപ ഈ സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത പ്രകാരം 2.9984 കോടി രൂപ 2425-108-39, 4425-108-35 എന്നീ ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമായിട്ടില്ല. ധനപുനഃക്രമീകരണംവഴിയും തുകയൊന്നും ലഭ്യമായിട്ടില്ല.

2425-00-003-87-36—<u>കൺസ്യൂമർഫെഡിനു കീഴിൽ ഇടുക്കിയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും തൃശ്ശൂരിൽ ഫാർമസി കോളേജും-സഹായധനം-ശമ്പളേതരം</u>

ഖണ്ഡിക നമ്പർ 13

കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഫാർമസി കോളേജ് എന്നിവയ്ക്കായി 2013-14-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഫാർമസി കോളേജ് എന്നിവ തുടങ്ങുന്നതിനുവേണ്ടി സമിതിയുടെ ശുപാർശ പ്രകാരമുള്ള തുക സർക്കാരിന് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ഖണ്ഡിക നമ്പർ 14

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് "ധാര" എന്ന പേരിൽ സംസ്ഥാനത്തെ 15 താലൂക്കുകളിൽ ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുമെന്ന് 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന താലൂക്കുകളിലെ എല്ലാ മേഖലയിലുമുള്ള സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണം സാധ്യമാക്കുന്നതിനായി പദ്ധതിയിനത്തിൽ 15 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധാരാ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ എന്നീ ജില്ലകളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഈ പദ്ധതിക്കായി 2013-14-ലെ അവസാന ഉപധനാഭ്യർത്ഥനയിൽ 9.9999 കോടി രൂപ വകയിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ഖണ്ഡിക നമ്പർ 15

ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശയിനത്തിൽ 15-3-2013-ൽ കൊടുത്തു

തീർക്കുവാൻ അവശേഷിക്കുന്ന കുടിശ്ശികത്തുക വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്ക് സർക്കാർ എഴുതിത്തള്ളുമെന്നും ഇതിനായി 50 കോടി രൂപ മാറ്റിവയ്ക്കുന്നതായും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രഖ്യാപിച്ചിട്ടുള്ള 50 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 2425-107-71 എന്ന ശീർഷകത്തിൽ 50 കോടി രൂപ അനുവദിക്കുന്നതിനായി 2013-14 വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടോക്കൺ പ്രൊവിഷനായി ആയിരം രൂപ മാത്രമാണ് അനുവദിച്ചത്. ബാക്കി തുക അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## ഖണ്ഡിക നമ്പർ 16

സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച വിവിധ പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭരണാനുമതി ലഭിച്ചെങ്കിലും ധനകാര്യ വകുപ്പിൽ നിന്ന് റിലീസ് ഉത്തരവ് ലഭിക്കാത്തതിനാൽ അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായി എന്ന് സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് പ്രൊവിഷനിൽ വച്ചിരിക്കുന്ന തുകയ്ക്ക് എ.എസ്. ലഭിച്ചിട്ടും സർക്കാർ തുക റിലീസ് ചെയ്തു കൊടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## സ്വീകരിച്ച നടപടി

ടി വിഷയത്തിലുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ വൈകി മാത്രം പ്രൊപ്പോസൽ ലഭിക്കുന്നതിനാലാണ് ഇത്തരം സാഹചര്യം സംജാതമാകുന്നത്. കൂടാതെ ഫണ്ട് റിലീസിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണ് എന്നതും ഒരു ഘടകമാണ്. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തുന്നതാണ്. [സഹകരണ വകുപ്പ്.]

## ഖണ്ഡിക നമ്പർ 17

ഭരണാനുമതി ലഭിച്ചിട്ടും തുക ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുവാൻ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് നിയമസഭ അംഗീകരിച്ചാലുടൻതന്നെ ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളുടെ കൺട്രോളിംഗ് ഓഫീസർ പദ്ധതിയെ സംബന്ധിച്ച

വ്യക്തമായ രൂപരേഖ തയ്യാറാക്കി ഭരണ വകുപ്പിന് നൽകണമെന്നും ഭരണ വകുപ്പ് കാലവിളംബം കൂടാതെ ഭരണാനുമതി നൽകി ധനകാര്യവകുപ്പിൽ നിന്നും റിലീസിംഗ് ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭരണാനുമതി നൽകി തുകകൾ റിലീസ് ചെയ്യുന്നതിൽ ധനകാര്യ വകുപ്പും ശ്രദ്ധ ചെലുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ഏകദേശം 90%-ത്തോളം ചെലവഴിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

(സഹകരണ വകുപ്പ്)

2012-13-ൽ ഇപ്രകാരം ഭരണാനുമതി നൽകിയതിലെ തുക 2013-14 ആദ്യ മാസങ്ങളിൽ ധനകാര്യ വകുപ്പ് റിലീസ് ചെയ്തു നൽകി. മതിയായ രേഖകൾ സഹിതം, ഫണ്ട് റിലീസിനായി ഭരണ വകുപ്പിൽ നിന്നും ശുപാർശ ലഭിച്ചാലുടൻതന്നെ ആവശ്യമായ നടപടി ധനകാര്യവകുപ്പിൽ കാലവിളംബം കൂടാതെ സ്വീകരിച്ചുവരുന്നുണ്ട്. (ധനകാര്യ വകുപ്പ്).

<u>ഖണ്ഡിക നമ്പർ 18</u>

സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിനുള്ള സ്ഥലം ലഭിക്കുകയും അതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിട നിർമ്മാണത്തിനായി 2013-14 വർഷത്തേക്ക് 10 കോടി രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സഹകരണ വകുപ്പിന് ആസ്ഥാന മന്ദിര നിർമ്മാണത്തിന് 2013-14 വർഷത്തിൽ 10 കോടി രൂപ കൂടി അനുവദിക്കുവാൻ ശുപാർശ ചെയ്തിരുന്നു. ടി സാമ്പത്തിക വർഷം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടി യിരുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷം 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XXVIII—

## പലവക സാമ്പത്തിക സർവ്വീസുകൾ

## റവന്യൂ (ലീഗൽ മെട്രോളജി)

3475-00-106-99-01(1)—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കല്-ശമ്പളം

ഖണ്ഡിക നമ്പർ 19

ലീഗൽ മെട്രോളജി വകുപ്പിൽ 3 ഫ്ലൈയിംഗ് സ്ക്വാഡിന്റേത് ഉൾപ്പെടെ 15 പോസ്റ്റുകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാമ്പത്തികവർഷം ശമ്പളം ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക പുതിയതായി നിയമിക്കപ്പെട്ടവർക്കുള്ള ശമ്പളത്തിന് മതിയാകാതെ വരുമെന്നതിനാൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 47 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശമ്പളം എന്ന നിലയിൽ നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും തുക ഉപയോഗ പ്പെടുത്തുകയും സാമ്പത്തിക വർഷത്തിന്റെ അവസാനം റീ അപ്രോപ്രിയേഷൻ നടത്തി റഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2014-2015 സാമ്പത്തിക വർഷം അധിക തുക ബജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുണ്ട്.

3475-00-106-99-05 (4)—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കല്-ഓഫീസ് ചെലവുകള്, മറ്റിനങ്ങൾ

ഖണ്ഡിക നമ്പർ 20

2012-13 സാമ്പത്തികവർഷം ഈ ഇനത്തിൽ അനുവദിച്ചിരുന്ന വിഹിതം അപര്യാപ്ത മായിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വർഷവും ബഡ്ജറ്റ് വിഹിതത്തിനു പുറമേ കൂടുതൽ തുക ഈ ഇനത്തിൽ ആവശ്യമായി വരുമെന്നതിനാൽ അധികമായി 3 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം അധിക തുകയായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3475-00-106-99(06)—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ വാടക, കരം, നികുതി</u>

<u>ഖണ്ഡിക നമ്പർ 21</u>

വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും വാടക കഴിഞ്ഞവർഷം നിശ്ചയിച്ച് ലഭിച്ചിട്ടുള്ളതിനാല്, പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുണ്ട്. അനുവദിച്ചി ട്ടുള്ള തുക അതിന് അപര്യാപ്തമായതിനാൽ അധികമായി 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷം അധിക വിഹിതാംശം ആയി ഹൗസിംഗ് ബോർഡിന്റെ കുടിശ്ശിക തീർക്കുന്നതിന്-10 ലക്ഷം രൂപ അനുവദിച്ചു. ടി തുക ഹൗസിംഗ് ബോർഡിന് കൈമാറിയിട്ടുണ്ട്.

3475-00-106-98—<u>അളവുകളും തൂക്കങ്ങളും-പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ</u>

<u>ഖണ്ഡിക നമ്പർ 22</u>

വകുപ്പിലേക്ക് പുതിയതായി അനുവദിച്ചിട്ടുള്ള 3 ഫ്ലൈയിംഗ് സ്ക്വാഡുകൾക്കും 2 മേഖലാ ഓഫീസർമാർക്കും നിലവിൽ വാഹനങ്ങൾ ഇല്ലായെന്നും 2 ജില്ലാ ഓഫീസുകളിലെ വാഹനങ്ങൾ ഉപയോഗയോഗ്യമല്ലെന്നും ആയതിനാൽ പുതിയതായി 7 വാഹനങ്ങൾ വാങ്ങേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം 9 വാഹനങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 23</u>

കൂടാതെ വകുപ്പിലേക്ക് 50 പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതുണ്ടെന്ന് കാണുന്നു. മേല്പറഞ്ഞ ആവശ്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 72 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം എല്.എം.ഒ.എം.എസ്. (ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം) പദ്ധതിയിൽ ഉൾപ്പെടുത്തി 37.5 ലക്ഷം രൂപ അനുവദിച്ചു. ആയതു പ്രകാരം കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്, കൂടാതെ 2014-2015 സാമ്പത്തിക വർഷം എല്.എം.ഒ.എം.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 24

ലീഗൽ മെട്രോളജി വകുപ്പിന് സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് സംവിധാനമുള്ള ലാബ് എറണാകുളം ജില്ലയിൽ മാത്രമേ ഉള്ളൂവെന്നും യോഗ്യതയുള്ള കെമിസ്റ്റുമാരുടെ കുറവും സ്വർണ്ണപരിശോധനയ്ക്കുള്ള ആധുനിക ഉപകരണങ്ങളുടെ അഭാവവും വകുപ്പ് നേരിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള XRF Machine 40 ലക്ഷം രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 25

സ്വർണ്ണത്തിന്റെ പരിശുദ്ധി അനുസരിച്ച് (കാരറ്റ് ബേസിസില്) വില നിശ്ചയിക്കണമെന്ന ചട്ടം പല സ്വർണ്ണക്കടകളും പാലിക്കാറില്ലെന്ന് വകുപ്പിന്റെ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പരിശുദ്ധിയില്ലാത്ത സ്വർണ്ണം വിറ്റതായി വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തി സ്വർണ്ണക്കടകളുടെ പേരുവിവരം വകുപ്പ് പ്രസിദ്ധപ്പെടുത്തണമെന്നും ലിസ്റ്റ് സമിതിക്ക് സമർപ്പിക്കണമെന്നും മേല്പറഞ്ഞ കേസുകളിൽ തുടർനടപടികൾ ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി.

സ്വീകരിച്ച നടപടി

ലിസ്റ്റ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചുവരുന്നു. ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| ക്രമനമ്പർ | സ്ഥാപനം | തീയതി | ഈടാക്കിയ പിഴ |
|---|---|---|---|
| 1 | FAWAZ- ജ്വല്ലറി പെരുമ്പാവൂര്, എറണാകുളം | 16-12-2004 | 25,000 |
| 2 | നവരംഗ് ജ്വല്ലറി, ആലുവ, എറണാകുളം | 4-11-2005 | 35,000 |
| 3 | മെട്രോ ഫാഷൻ ജ്വല്ലറി, കോലഞ്ചേരി, എറണാകുളം | 29-1-2005 | 30,000 |
| 4 | കെ.പി. ചാക്കോ & സൺസ് പെരുമ്പാവൂര്, എറണാകുളം | 14-7-2005 | 25,000 |

## ധനാഭ്യർത്ഥന XXX—ഭക്ഷ്യം

2408-01-101-98 (33)—<u>റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കികൊടുക്കല്—സബ്സിഡികൾ</u>

<u>ഖണ്ഡിക നമ്പർ 26</u>

റേഷൻ അരി സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും മൊത്ത ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നല്കുന്നതിനുമാണ് മേല്പറഞ്ഞ തുക വകകൊള്ളിച്ചിരിക്കുന്നത്. സബ്സിഡി തുക സംസ്ഥാന സർക്കാർ എഫ്.സി.ഐ.ക്ക് നല്കുകയും എഫ്.സി.ഐ. സബ്സിഡി നിരക്കിൽ അരി നല്കുകയുമാണ് ചെയ്യുന്നത്. കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ

ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി ചില നിബന്ധനകൾക്ക് വിധേയമായി എല്ലാ കാർഡുടമകൾക്കും ബാധകമാക്കുവാനും സംസ്ഥാനത്തെ എല്ലാ ബി.പി.എല്. കുടുംബങ്ങൾക്കും 2011 സെപ്റ്റംബർ മാസം മുതൽ കിലോഗ്രാമിന് 1 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യങ്ങൾ നൽകുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷനിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2013-14-ൽ സബ്സിഡി, വ്യാപാരികൾക്കുള്ള കമ്മീഷൻ എന്നീ ഇനങ്ങളിൽ വേണ്ടിവരുന്ന 713.34 കോടി രൂപ, മുൻവർഷത്തെ കുടിശ്ശികയായ 61.49 കോടി രൂപ എന്നിവ ഉൾപ്പെടെ ആകെ 774.83 കോടി രൂപ ആവശ്യമായി വരുമെന്ന് കാണുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതമായി 600 കോടി രൂപ മാത്രമാണ് വകയിരുത്തി യിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. അധികമായി ആവശ്യമായി വരുന്ന 174.83 കോടി രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തിൽ 2009-ലെ ബി.പി.എല്. ലിസ്റ്റ് നടപ്പാക്കും എന്ന വിശ്വാസത്തിൽ ബി.പി.എല്. ലിസ്റ്റിലെ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി അലോട്ട്മെന്റും സബ്സിഡിയും വർദ്ധിക്കും എന്നതിന്റെ അടിസ്ഥാന ത്തിലാണ് 174.83 കോടി രൂപകൂടി അനുവദിക്കാൻ ശുപാർശ ചെയ്തത്. എന്നാൽ ബി.പി.എല്. ലിസ്റ്റ് നടപ്പാക്കുന്നത് സംബന്ധിച്ച് നാളിതുവരെയും തീരുമാനമായിട്ടില്ല. കൂടാതെ സംസ്ഥാനത്തിനുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വാർഷിക അലോട്ട്മെന്റ് 14, 72, 688 മെട്രിക് ടണ്ണായി കേന്ദ്ര സർക്കാർ നിജപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പ്രതിമാസം 1,22,724 മെട്രിക് ടണ്ണും പ്രതിവർഷം 14,72,688 മെട്രിക് ടണ്ണും ഭക്ഷ്യ ധാന്യങ്ങൾ മാത്രമേ വിട്ടെടുക്കാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ അധികമായി വേണ്ടിവരുന്ന തുക 94,11,23,000 രൂപയായി പരിമിതപ്പെടുത്തി. അധികഫണ്ടിനായി ശുപാർശ നല്കിയെങ്കിലും തുക വകയിരുത്തുവാൻ കഴിഞ്ഞില്ല.

റീ അപ്രോപ്രിയേഷൻ മുഖാന്തിരം 11,80,00,000 രൂപയും കണ്ടിജൻസി ഫണ്ടിൽ നിന്നും 36,59,00,000 രൂപയും ഉൾപ്പെടെ ആകെ 48,39,00,000 രൂപ മാത്രമാണ് പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിച്ചുനൽകിയത്. ബഡ്ജറ്റ് വിഹിതമായ 600 കോടി ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ അനുവദിച്ചുകിട്ടിയ 648,39,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

2408-01-101-96 (33)—<u>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ലു സംഭരിക്കല്—സബ്സിഡികൾ</u>

ഖണ്ഡിക നമ്പർ 27

സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നേരിട്ട് നെല്ല് സംഭരിക്കുകയും വില നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും സംഭരിക്കുന്ന നെല്ലുകുത്തി അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലവഴി റേഷൻ കാർഡുടമകൾക്ക് ഗുണമേന്മയുള്ള അരി നൽകുകയും ചെയ്യുന്ന ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഏകദേശം ഒരു ലക്ഷം കർഷകരാണുള്ളത്. നെല്ലിന്റെ താങ്ങുവിലയായി കേന്ദ്ര സർക്കാർ അനുവദിച്ച കിലോയ്ക്ക് 12.50 രൂപ എന്ന നിരക്ക് സംസ്ഥാന സർക്കാർ 17 രൂപയായി ഉയർത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ലുസംഭരണം കാര്യക്ഷമമായി നടത്തുന്നതിനും നെൽകൃഷിക്കാർക്ക് സംഭരണക്കാലത്തു തന്നെ കാലതാമസം കൂടാതെ താങ്ങുവില നൽകി അവരെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനും കൂടുതൽ തുക വകയിരുത്തേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ ആവശ്യമായ 20 കോടി രൂപകൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ലു സംഭരണത്തിനായി 180 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ഇതിൽ 175.75 കോടി രൂപ മാത്രമാണ് സപ്ലൈകോയ്ക്ക് നൽകിയത്. സമിതി ശുപാർശ ചെയ്ത പ്രകാരം നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമേ തുകയൊന്നും സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകിയിട്ടില്ല.

2408-01-190-96 (33)—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-സബ്സിഡികൾ (നോൺ പ്ലാന്)

ഖണ്ഡിക നമ്പർ 28

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോര്, ലാഭം മാർക്കറ്റുകൾ തുടങ്ങിയവയുടെ വില്പനശാലകളിലൂടെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വിൽപ്പനവിലയിൽ സാധനങ്ങൾ വിതരണം ചെയ്ത് സംസ്ഥാനത്ത് കമ്പോളത്തിലെ അവശ്യ വസ്തുക്കളുടെ വില നിയന്ത്രണം നടത്തുന്നു. അവശ്യ വസ്തുക്കൾ കൂടാതെ മറ്റു ഉപഭോക്തൃ ഉൽപ്പന്നങ്ങള്, മരുന്നുകൾ തുടങ്ങിയവയും കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ കുറഞ്ഞ നിരക്കിൽ

വിൽക്കുന്നു. ഈ വർഷം സപ്ലൈകോ വിൽപ്പനശാലയോടൊപ്പം ആരംഭിക്കുന്ന ന്യായവിലഷോപ്പുകൾ ഓരോ നിയോജകമണ്ഡലങ്ങളിലും തുടങ്ങുന്ന മാവേലി റേഷൻ കടകള്, പുതിയതായി ആരംഭിക്കുന്ന 50 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ എന്നിവയ്ക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി കരുതുന്നു. കമ്പോളത്തിലെ അവശ്യ വസ്തുക്കളുടെ വിലനിയന്ത്രണം നടത്തുന്നതിന് മുൻവർഷം അനുവദിച്ച തുക മുഴുവൻ ചെലവഴിച്ച സാഹചര്യത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കായി ഈ വർഷം വേണ്ടിവരുന്ന 277 കോടി രൂപയിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 60 കോടി രൂപയ്ക്ക് പുറമേ ആവശ്യമായ 217 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന് 2408-01-102-99-33 (NP) ശീർഷകത്തിൽ 5602.11 ലക്ഷം രൂപ മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കായി, ബഡ്ജറ്റ് വിഹിതമായ 60 കോടി രൂപയ്ക്ക് പുറമേ അധികമായി അനുവദിച്ചിരുന്നു.

2408-01-800-94 (34)—അന്ത്യോദയ അന്ന യോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങള്, വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റുചെലവുകളും-മറ്റു ചെലവുകൾ

ഖണ്ഡിക നമ്പർ 29

അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം അതീവ ദരിദ്രരായ കുടുംബങ്ങൾക്ക് നല്കുന്നതിനായി കേന്ദ്ര സർക്കാർ കിലോഗ്രാമിന് 3 രൂപ നിരക്കിൽ പ്രതിമാസം ലഭ്യമാക്കുന്ന 35 കിലോഗ്രാം അരിക്ക് സംസ്ഥാന സർക്കാർ കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡി നല്കി 1 രൂപ നിരക്കിലാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത സബ്സിഡിക്ക് പുറമേ വിതരണത്തിനുള്ള കടത്തുകൂലി കൈകാര്യച്ചെലവ്, വില്പന നികുതി മുതലായ ചെലവുകളും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. മേൽപ്പറഞ്ഞ ചെലവുകൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണെന്നു കാണുന്നു. കൂടാതെ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻവർഷങ്ങളിൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കിയിട്ടുള്ള

സാഹചര്യത്തിലും 17 കോടി 22 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. ഇതിനുപുറമെ 5 കോടി രൂപകൂടി അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

2408-01-800-91—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്</u>

<u>ഖണ്ഡിക നമ്പർ 31</u>

കേരളത്തിലെ നാടൻ ഭക്ഷ്യ വസ്തുക്കളുടെ തനിമ നിലനിർത്തി അതിന്റെ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിലേതിനു തുല്യമാക്കാനുദ്ദേശിച്ച് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമാണ് ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം, ഭക്ഷ്യ പാർക്ക് എന്നിവ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായ ലാബ് അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണെങ്കിലും അതിന്റെ പ്രവർത്തനം പൂർണ്ണതയിലെത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. 4 കോടി രൂപ ഇൻസ്റ്റിറ്റ്യൂട്ടിനായി വകയിരുത്തിയിട്ടുണ്ടെങ്കിലും ഡ്രഗ് ടെസ്റ്റിംഗ് ലാബിന് ഉപകരണങ്ങൾ വാങ്ങുന്നതിന്
410 ലക്ഷം രൂപയും ഭക്ഷ്യ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 400 ലക്ഷം രൂപയും അധികമായി വേണ്ടി വരുമെന്ന് കാണുന്നു. കഴിഞ്ഞ 5 വർഷവും ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ അധികമായി വേണ്ടി വരുന്ന 810 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതിമൂലം അധിക തുകയൊന്നും അനുവദിച്ചില്ല.

<u>ഖണ്ഡിക നമ്പർ 33</u>

കോന്നിയിലെ അത്യാധുനിക സൗകര്യങ്ങളുള്ള ലാബിൽ പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകൾക്കാവശ്യമായ സാമ്പിളുകളുടെ പരിശോധനയും കൂടുതൽ വേഗത്തിലും കൃത്യതയോടെയും ചെയ്യാനാവും എന്ന് സമിതി കരുതുന്നു. എന്നാൽ നിലവിലുള്ള

ചട്ടപ്രകാരം ഇപ്പോഴുള്ള സംവിധാനമേ ഉപയോഗിക്കുവാനാകൂ എന്നതിനാൽ പുതിയ ലാബ് സൗകര്യം പ്രയോജനപ്പെടുത്തുവാനാകുന്ന രീതി നിയമത്തിലും ചട്ടത്തിലും വേണ്ട മാറ്റം വരുത്താനാകുമോ എന്ന് പരിശോധിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ ആഭ്യന്തര, നികുതി വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3456-00-001-86—<u>കമ്പ്യൂട്ടർ വൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും</u>

<u>ഖണ്ഡിക നമ്പർ 34</u>

സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തി പൊതുവിതരണ സംവിധാനം സുതാര്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ സ്റ്റോക്ക്, വില നിലവാരം തുടങ്ങിയവ ഇലക്ട്രോണിക് സംവിധാനത്തിലൂടെ താലൂക്ക്തല ട്രാൻസ്പെരൻസി കിയോസ്ക്ക്, അക്ഷയ സെന്റർ, റേഷൻ കടകൾ എന്നിവ വഴി ഉപഭോക്താക്കൾക്ക് മനസ്സിലാക്കുന്നതിനായി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി കാലതാമസം കൂടാതെ നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തി പൊതുവിതരണ സംവിധാനം സുഗമമാക്കുന്നതിന്റെ ഭാഗമായി വകുപ്പുതലത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് എ.പി.എല്. (എസ്.എസ്.)സബ്സിഡി തുക നേരിട്ട് ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്ന എ.പി.എൽ (എസ്.എസ്) പ്രീ പൈലറ്റ് പദ്ധതിക്ക് 31-7-2013-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 259/2013/ഭ.പൊ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 6 റേഷൻ കടകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിൽ e-Pos മെഷീനുകൾ സ്ഥാപിക്കുകയും റേഷൻ വിതരണം ഈ സംവിധാനത്തിലൂടെ നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇതിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ബില്ലിംഗ്, സ്റ്റോക്ക്, വില നിലവാരം

എന്നിവ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാതെ മനസ്സിലാക്കുവാൻ സാധിക്കുന്നു. പ്രസ്തുത പദ്ധതി സംസ്ഥാനത്തെ മറ്റ് റേഷൻ കടകളിലേക്ക്കൂടി വ്യാപിപ്പിക്കുന്നതാണ്.

<u>ഖണ്ഡിക നമ്പർ 35</u>

പൊതുവിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും മറ്റുമുള്ള 'എൻഡ് റ്റു എൻഡ് കമ്പ്യൂട്ടറൈസേഷന്' പദ്ധതിയുടെ ആകെ ചെലവായ 475.6 കോടി രൂപയുടെ 50% കേന്ദ്ര സർക്കാർ വിഹിതമാണ്. പദ്ധതിക്കായി ഈ വർഷം 20 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 30 മാസം കൊണ്ട് പൂർത്തീകരി ക്കാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയുടെ ആദ്യ വർഷത്തെ പ്രവർത്തനത്തിന് 120 കോടി രൂപ ആവശ്യമാണെന്ന് കാണുന്നു. ആയതിനാൽ അനുവദിച്ചിട്ടുള്ള 20 കോടി രൂപയ്ക്ക് പുറമെ 100 കോടി രൂപ കൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എൻഡ് റ്റു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് പദ്ധതിയുടെ ആകെ ചെലവ് 498.96 കോടി രൂപയാണ്. ഇതിൽ 12.17 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്.

നടപ്പ് സാമ്പത്തിക വർഷം പൊതുവിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണ ത്തിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതുണ്ട്. ഇത് ലഭിക്കാത്തതിനാൽ ഈ തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ചിട്ടുള്ള 41,66,800 രൂപയിൽ നിന്നും 21,23,441 രൂപ ഇതുവരെ ചെലവഴിച്ചു കഴിഞ്ഞു. സാമ്പത്തിക വർഷം അവസാനിക്കുവാൻ 3 മാസം മാത്രം ബാക്കിയുള്ളതിനാൽ സമിതി ശുപാർശ ചെയ്ത 100 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ആവശ്യമുള്ളതായി കാണുന്നില്ല.

2408-01-800-95—<u>വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷാ പദ്ധതി (100% കേന്ദ്രാവിഷ്കൃതം)</u>

<u>ഖണ്ഡിക നമ്പർ 36</u>

വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷാ പദ്ധതി 65 വയസ്സിനുമേൽ പ്രായമുള്ളവരും ക്ഷേമനിധി പെൻഷൻ ലഭിക്കാത്തവരുമായ അഗതികളെ ഉദ്ദേശി ച്ചുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ചുള്ളവർ കേരളത്തിൽ

കുറവായതിനാൽ പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും കേരളത്തിലെ സാഹചര്യത്തിൽ മേൽപ്പറഞ്ഞ മാനദണ്ഡത്തിന് ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാർ അത് അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രയോജനം ഇന്നാട്ടിലെ അഗതികൾക്ക് ലഭിക്കുവാൻ പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ അർഹതാ മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് 26-7-2013-ലെ 9921/ഡി1/2013/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ റിപ്പോർട്ട് 18-11-2013-ലെ സമിതിയോഗം പരിഗണിക്കുകയും അന്നപൂർണ്ണ ഭക്ഷണ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശ ത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു:

18-11-2013-ലെ സമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ അർഹതാ മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് 18-3-2014-ലെ 3386/ഡി1/2014/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി XI, 2012-2013 വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. ഈ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്താൻ സാധ്യമല്ലെന്നും എന്നിരുന്നാലും കൂടുതൽ അർഹരായ ഗുണഭോക്താക്കളെ ബി.പി.എല്. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഇന്ദിരാ ഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികളെപ്പറ്റി സംസ്ഥാനത്തിന് പരിഗണിക്കാമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരുന്നത്. കേന്ദ്രസർക്കാരിന്റെ ഈ നിർദ്ദേശത്തിന്മേൽ തുടർ നടപടി സ്വീകരിക്കാൻ 26-3-2013-ലെ 9544/ഡി1/13/ ഭ.പൊ.വി.വ. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യ പെട്ടിട്ടുണ്ട്. ഈ വിവരം 30-4-2013-ലെ 9544/ഡി1/13/ഭ.പൊ.വി.വ. ആമുഖ കത്ത് പ്രകാരം സമർപ്പിച്ച സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പ്രകാരം സബ്ജക്ട് കമ്മിറ്റിയെ

അറിയിച്ചിട്ടുള്ളതുമാണ്. 2013-2014 വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച മൂന്നാമത് റിപ്പേർട്ടിലും ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശുപാർശ നൽകിയത് അനുസരിച്ച് ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കേന്ദ്രസർക്കാർ മുൻനിലപാടിൽ ഉറച്ചുനിൽക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ടി വിഷയത്തിൽ ഇനി തുടർ നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണെന്നും അറിയിച്ചുകൊള്ളുന്നു.

2408-01-800-98—<u>ഉപഭോക്തൃ ദിനാഘോഷം</u>

<u>ഖണ്ഡിക നമ്പർ 37</u>

ഉപഭോക്തൃ അവകാശത്തെപ്പറ്റിയുള്ള അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തുവാനും സ്കൂൾ തല കൺസ്യൂമർ ക്ലബ്ബുകൾ സജീവമാക്കാനും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ദേശീയ ഉപഭോക്തൃ ദിനാചരണം, ലോക ഉപഭോക്തൃ അവകാശ ദിനാചരണം തുടങ്ങിയ അവസരങ്ങളിൽ സ്കൂൾ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നുണ്ട്. കുട്ടികൾക്കായി ചിത്രരചനാമത്സരം, ഉപന്യാസമത്സരം, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. വിദ്യാർത്ഥികൾക്കായി കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സ്കൂളുകൾക്ക് സ്കൂളൊന്നിന് 10,000 രൂപ വീതം 10 ലക്ഷം രൂപ 24-3-2008-ലെ ജി.ഒ.(ആർറ്റി.) നമ്പർ 32/08/സി.എ.ഡി. പ്രകാരം ധനസഹായമായി നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലേയും 600 സ്കൂളുകളിൽ കൂടി കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള ക്ലബ്ബുകൾക്കും പുതിയതായി രൂപീകരിക്കുന്ന ക്ലബ്ബുകൾക്കും ധനസഹായം നൽകുന്നതിനായി 70 ലക്ഷം രൂപ ധനസഹായം നൽകാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**<u>ഭാഗം II</u>**

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്ത ശുപാർശകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു:

**ധനാഭ്യർത്ഥന നമ്പർ XXX—[ഭക്ഷ്യം]**

**<u>ശുപാർശ</u> നമ്പർ 30, 32, 38, 39**

വിഷയനിർണ്ണയ സമിതി XI-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ ധനാഭ്യർത്ഥന നമ്പർ XXVII, XXVIII, XXX എന്നിവയുമായി ബന്ധപ്പെട്ട് ആകെ 39 ശുപാർശകൾ ഉണ്ടായിരുന്നു. ഇതിൽ ധനാഭ്യർത്ഥന നമ്പർ XXVII(സഹകരണം), ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകള്)എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ശുപാർശകൾക്കുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നത് സംബന്ധിച്ച 4 ശുപാർശകളിൽ നടപടി സ്റ്റേറ്റ്മെന്റുകൾ ഇനിയും ലഭിക്കുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം 'ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ എടുത്ത നടപടിയുടെ റിപ്പോർട്ട് ഓരോ വിഷയനിർണ്ണയ സമിതിയുടെയും അദ്ധ്യക്ഷൻമാർ ആ സാമ്പത്തിക വർഷം കഴിഞ്ഞ ഉടനെയോ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് നൽകാതിരിക്കുന്നപക്ഷം ആയതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് പതിനഞ്ച് ദിവസത്തിനുള്ളിലോ അടുത്ത നിയമസഭാ സമ്മേളനത്തിന്റെ ആരംഭത്തിലോ ഇതിൽ ഏതാണ് ആദ്യം വരുന്നത് അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.'

ആയതിനാൽ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൽ യഥാസമയം നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിന്റെ കാരണം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ചട്ടം 236(5) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2014 ജൂൺ 30.

**അനൂപ് ജേക്കബ്,**
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XI.*